ചെറുകഥ

അയൽക്കാരൻ

സാംജീവ്

എനിക്ക് ചീനക്കാരെ അത്ര പഥ്യമല്ല. ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്താണ് ചൈന ഇൻഡ്യയെ ആക്രമിച്ചത്. ലഡാക്കും നേഫയും അവർ ആക്രമിച്ചില്ലേ? ഭാരതത്തിന്റെ ആയിരക്കണക്കിന് ജവാന്മാർ വീരമൃത്യു പൂകിയില്ലേ? മാനസരോവരം എന്ന് മുനിമാർ പ്രകീർത്തിച്ച ടിബറ്റ് അവർ കൈയടക്കിയില്ലേ?

അന്ന് ഞങ്ങൾ ജാഥ നടത്തി. ജാഥയിൽ ഞങ്ങൾ പാടി.

“മഞ്ഞിൻമലയും മാനസസരസും എന്നും ഞങ്ങടെ നാടാണേ.”

ടിബറ്റിനെപ്പറ്റിയാണ്.

കണ്ണും മൂക്കുമില്ലാത്ത ചീനക്കാർ ചതിയന്മാരാണെന്ന് ഞാൻ വിശ്വസിച്ചു. ഭാരത്തിൽ താമസിക്കുമ്പോൾ ഞാൻ ചീനക്കാരനെ കണ്ടിട്ടില്ല, കേട്ടിട്ടേയുള്ളു.

കൊച്ചിയിൽ ചീനവല കണ്ടിട്ടുണ്ട്. വീട്ടിൽ ചീനഭരണിയുണ്ടായിരുന്നു. അമ്മൂമ്മ നാട്ടുമാങ്ങ ഉപ്പിലിട്ടുവയ്ക്കുന്ന ചീനഭരണി ആയിരുന്നത്. അന്ന് ഞാൻ ചീനഭരണി തല്ലിയുടച്ചു. അമ്മൂമ്മ വഴക്ക് പറഞ്ഞു. അമ്മയുടെ തല്ലും കിട്ടി. അമ്മൂമ്മയ്ക്കും അമ്മയ്ക്കും ദേശഭക്തി കുറവാണ്.

അമേരിക്കയിൽ വന്നതിന് ശേഷമാണ് ഞാൻ ചീനക്കാരനെ അടുത്തു കണ്ടത്. എങ്കിലും ചീനക്കാരനോട് ഞാൻ അകലം പാലിച്ചു.

ജോലിസ്ഥലത്ത് ചീനക്കാരനും ആഫ്രിക്കക്കാരനും ആഫ്രിക്കനമേരിക്കനും തെക്കനും വടക്കനും വെള്ളക്കാരനും ഇൻഡ്യാക്കാരനുമൊക്കെയുണ്ട്. നോഹയുടെ പെട്ടകം പോലെയാണ് ഞങ്ങളുടെ ജോലിസ്ഥലം..

പക്ഷേ എനിക്ക് വെള്ളക്കാരോടാണ് താത്പര്യം. വെള്ളക്കാരനെ ഞാൻ സായിപ്പെന്ന് വിളിക്കും. സായിപ്പിനോട് എനിക്ക് പ്രത്യേക ബഹുമാനമുണ്ട്.

എന്താണ് സായിപ്പ് എന്ന പേരിന്റെ അർത്ഥം?

സാഹിബ് സായിപ്പ് ആയതാണോ?

സായിപ്പ് വന്നാൽ ഞാൻ എഴുനേല്ക്കും. പള്ളിയിലും സായിപ്പ് വന്നാൽ പ്രത്യേക ബഹുമാനം കൊടുക്കും. സായിപ്പ് പ്രസംഗിക്കുമ്പോൾ ഒരു പ്രത്യേക നിറവുണ്ട്. സായിപ്പ് ഭരിക്കാൻ ജനിച്ചവനാണ്. അവന് രാജകലയുണ്ട്.

ദൈവം എനിക്ക് സായിപ്പിന്റെ നിറം തന്നില്ലല്ലോ. എനിക്ക് ദൈവത്തോട് അല്പം പക തോന്നി.

ജനിച്ചാൽ സായിപ്പിന്റെ രാജ്യത്ത് ജനിക്കണം. സായിപ്പിനെപ്പോലെ ജീവിക്കണം.

സായിപ്പ് യജമാനനാണ്; മദാമ്മ യജമാനത്തിയും.

സായിപ്പിന്റെ രാജ്യത്ത് വരാൻ കഴിഞ്ഞത് എന്റെ ഭാഗ്യം.

തെക്കനെയും ചീനക്കാരനെയും എനിക്ക് പുച്ഛമാണ്. തെക്കൻ എന്ന് പറയുന്നത് തെക്കേ അമേരിക്കക്കാരനെയാണ്. ചിലപ്പോൾ മെക്സിക്കോക്കാരനും ആ പദത്തിന്റെ അർത്ഥപരിധിയിൽ വരാറുണ്ട്.

ഞാൻ ടെക്സസിൽ കുറച്ചുനാൾ താമസിച്ചിട്ടുണ്ട്. അവിടെ നിന്നും പഠിച്ചതാണ് 'തെക്കൻ' പ്രയോഗം.

വീട്ടിൽ പച്ചക്കറി വാങ്ങണം. അടുത്ത് ചീനക്കാരന്റെ കടയുണ്ട്. അവിടെ സാധനങ്ങൾക്ക് വിലക്കുറവുണ്ട്. എന്നാലും സായിപ്പിന്റെ കടയിൽനിന്ന് വാങ്ങാനാണ് എനിക്കിഷ്ടം. സായ്പിന്റെ കടയിൽ ഇരട്ടി വില കൊടുക്കണം, എന്നാലെന്ത്?

അമേരിക്കയിൽ താമസിക്കുമ്പോൾ വെറു 'കൺട്രി'യായിട്ട് താമസിക്കാൻ പറ്റുമോ? സായിപ്പിന്റെ കടയിൽനിന്നുതന്നെ പച്ചക്കറി

വാങ്ങണം. സായിപ്പിന്റെ കടയിൽനിന്നും വാങ്ങിയാൽ, അതിനുമുണ്ടൊരു ഗമ.

ചെറിയ ചാറ്റൽ മഴയുള്ളൊരു ശനിയാഴ്ചദിവസമായിരുന്നത്. അടുത്തുള്ള ചീനക്കാരന്റെ കട ഒഴിവാക്കി അഞ്ചുമൈൽ ദൂരെയുള്ള സായിപ്പിന്റെ കടയിലേക്ക് ഡ്രൈവ് ചെയ്തു. വലിയ തിരക്കുള്ള കടയാണ്. വണ്ടി പാർക്ക് ചെയ്തതിനുശേഷം വേഗം കടയിലേക്ക് നടന്നു.

'ഥിം!'

പാർക്കിംഗ് ലോട്ടിൽ കിടന്ന പഴത്തൊലിയിൽ ചവിട്ടി, കാൽ തെന്നി ഞാൻ മലർന്നടിച്ചുവീണു. കോൺക്രീറ്റ് കൊണ്ടുണ്ടാക്കിയ മിനുസമായ പാർക്കിംഗ് ലോട്ട്. തലയടിച്ചില്ല, ഭാഗ്യത്തിന്.

ഞാൻ മദ്ധ്യവയസ്ക്കനാണ്, പ്രമേഹരോഗിയാണ്. എഴുനേല്ക്കാൻ ശ്രമിച്ചു; പറ്റുന്നില്ല.

കൈയൂന്നി എഴുനേല്ക്കാൻ കഴിയുന്നില്ല. കൈയുടെ കുഴ തെറ്റിയോ? കൈ ഒടിഞ്ഞോ? കൈകൾ ബലഹീനമാകുന്നു. കണ്ണുകൾ മങ്ങുന്നതുപോലെ.

എന്റെ വീഴ്ച കണ്ട് കുറേ ആളുകൾ അകലംപറ്റി നോക്കി നില്ക്കുന്നു. ചിലർ കാണാത്തമട്ടിൽ നടന്നുപോകുന്നു.

ഞാൻ നിസ്സഹായനായി കൈയുയർത്തി. അല്പം ഉറക്കെ വിളിച്ചു പറഞ്ഞു.

"ആരെങ്കിലും എന്നെ ഒന്ന് സഹായിക്കൂ."

ആരും വരുന്നില്ല. എല്ലാവരും അകലംപറ്റി നില്ക്കുകയാണ്.

ചിലരുടെ മുഖത്ത് പുച്ഛഭാവമാണോ? അതോ അനുകമ്പയാണോ?

തിരിച്ചറിയാൻ കഴിയുന്നില്ല.

വീണ്ടും കൈകളുയർത്തി വിളിച്ചു, അല്പം കൂടി ഉച്ചത്തിൽ.

"ആരെങ്കിലും എന്നെ ഒന്നു സഹായിക്കൂ, എനിക്ക് എഴുനേല്ക്കാൻ കഴിയുന്നില്ല."

ആരും വരുന്നില്ല.

ഞാൻ എന്റെ ജന്മനാടിനെ ഓർത്തു. ചില വർഷങ്ങൾക്കുമുമ്പ് ഞാൻ ചേറുനിറഞ്ഞ വയലിൽ തെന്നിവീണ ദിവസം.

ആരോ കണ്ടു, കൂവി വിളിച്ചു. നിമിഷങ്ങൾക്കുള്ളിൽ ഒരു ഗ്രാമം മുഴുവൻ ഞാൻ വീണ സ്ഥലത്തേക്ക് ഓടിവന്നു, എന്നെ കോരിയെടുത്തു.

ഇവിടെ ഞാൻ ഏകനാണ്; ആൾക്കൂട്ടത്തിന്റെ മദ്ധ്യത്തിൽ ഏകൻ. ഇവിടെ എനിക്ക് പേരില്ല, മേൽവിലാസമില്ല, തറവാടില്ല, അച്ഛനും മുത്തച്ഛനുമില്ല, പാരമ്പര്യമില്ല. പക്ഷേ ഇവിടെ എനിക്കൊരു സംഖ്യയുണ്ട് (Number). ഒമ്പത് അക്കങ്ങളുള്ള ആ സംഖ്യയാണ് ഞാൻ. ഒരക്കം മാറ്റിയിട്ടാൽ മറ്റൊരാളായി. സംഖ്യയ്ക്ക് നിറമില്ല, വികാരമില്ല. ഈ ഡിജിറ്റൽയുഗത്തിൽ സംഖ്യയുടെ സാദ്ധ്യതകളും ബാദ്ധ്യതകളും ചിന്താതീതമാണ്. നാളെ ഒമ്പതക്കസംഖ്യയെ പൂർണ്ണമായി നിയന്ത്രിക്കുന്ന മൈക്രോചിപ്പും നിർമ്മിതബുദ്ധിയും വന്നുകൂടെന്നില്ല.

“ഏതോ ഒരു മനുഷ്യൻ വീണു.”

ആരോ പറയുന്നതു കേട്ടു.

ഞാൻ ഒരു മനുഷ്യൻ മാത്രമാണിവിടെ.

മനുഷ്യനും ഒരു മൃഗമാണ്, ഒരു ജീവി മാത്രം.

ഇവിടെ സഹായഹസ്തങ്ങളില്ല, അനുകമ്പയില്ല. നീട്ടിയ കൈകൾക്ക് താങ്ങുകൊടുക്കാൻ മറ്റൊരു കൈ ഉണ്ടായെന്ന് വരില്ല.

ഇവിടെ നിയമമുണ്ട്. നിയമം തരുന്ന സംരക്ഷണമുണ്ട്.

മനുഷ്യനും നായയ്ക്കും പൂച്ചയ്ക്കും നിയമം തരുന്ന സംരക്ഷണമുണ്ട്.

ഞാൻ വീണ്ടും ഉച്ചത്തിൽ വിളിച്ചു.

“ആരെങ്കിലും സഹായിക്കണേ. എനിക്ക് എഴുനേല്ക്കാൻ കഴിയുന്നില്ലേ.”

എന്റെ നിലവിളി വനരോദനമായി. ആരും എന്നെ സഹായിക്കുവാൻ മുമ്പോട്ട് വന്നില്ല.

അതാ വൃദ്ധനായ ഒരു മനുഷ്യൻ മുമ്പോട്ട് നടന്നുവരുന്നു.

വൃദ്ധനാണെങ്കിലും അരോഗദൃഢഗാത്രനാണ്.

ആ കണ്ണുകളിലേക്ക് ഞാൻ സൂക്ഷിച്ചുനോക്കി.

ഒരു ചീനക്കാരൻ. മുടി നരച്ച ഒരു ചീനക്കാരൻ.

ആ കണ്ണുകളിൽ അനുകമ്പയുണ്ടോ? ദൈന്യതയുണ്ടോ?

എനിക്കറിഞ്ഞുകൂടാ.

ഇവിടെ രണ്ട് മനുഷ്യർ മാത്രം.

വീണുകിടക്കുന്ന ഒരു മനുഷ്യൻ.

പിടിച്ചെഴുന്നേല്പിക്കാൻ തയ്യാറുള്ള ഒരു മനുഷ്യനും.

ഇവിടെ നിറമില്ല; കറപ്പും വെളുപ്പമില്ല. മഞ്ഞയും തവിട്ടുനിറവുമില്ല.

ഇവിടെ മതമില്ല; ഇവിടെ കൊടിയുടെ നിറഭേദങ്ങളില്ല.

ഇവിടെയുള്ളത് രണ്ട് മനുഷ്യർ മാത്രം; നാല് കൈകൾ മാത്രം.

ബലമുള്ള രണ്ട് കൈകൾ, ബലഹീനങ്ങളായ രണ്ടു കൈകൾ.

ബലിഷ്ഠമായ കൈകൾ ബലഹീനങ്ങളായ കൈകളെ പിടിച്ചു.

ചീനക്കാരന്റെ കൈകൾ എന്നെ താങ്ങി എഴുന്നേല്പിച്ചു.

തഴമ്പുള്ള കൈകൾ.

ഞാൻ നന്ദി പറഞ്ഞു; ഹൃദയം നിറഞ്ഞ നന്ദി.

ചീനക്കാരനും എന്തോ പറഞ്ഞു, അയാളുടെ ഭാഷയിൽ. എനിക്ക് മനസ്സിലായില്ല. അയാൾക്ക് ചീനഭാഷയല്ലാതെ മറ്റൊന്നും അറിയില്ലെന്ന് ഞാൻ ഊഹിച്ചു.

അയാൾ എന്റെ കൈകൾ പിടിച്ചുനിവർത്തി. പരിക്കില്ലെന്ന് ഉറപ്പിക്കുന്നതുപോലെ എനിക്ക് തോന്നി.

ഞാൻ അയാളുടെ കണ്ണുകളിലേക്ക് വീണ്ടും നോക്കി. ഞാൻ വീണ്ടും നന്ദി പറഞ്ഞു.

പക്ഷേ, എന്റെ നന്ദിവാചകം ചീനക്കാരൻ ശ്രദ്ധിച്ചില്ല. ഹിമാലയത്തെക്കാൾ വളർന്ന ആ മനുഷ്യസ്നേഹത്തിനു മുമ്പിൽ എന്റെ രണ്ട് നന്ദിവാക്കുകൾക്ക് എന്ത് പ്രസക്തി?

ചീനക്കാരൻ എന്തോ പറഞ്ഞു. അയാൾ തിരിഞ്ഞുനടന്നു. ഒന്നും സംഭവിക്കാത്ത മട്ടിൽ ആൾക്കൂട്ടത്തിലേക്ക് നടന്ന് അപ്രത്യക്ഷനായി.

ബൈബിളിൽ ഒരു കഥയുണ്ട്; ഗുണവാനായ സമരിയാക്കാരന്റെ കഥ. യേശുക്രിസ്തു പറഞ്ഞ ഉപമകളിൽ ഒന്നാണത്. അതിൽ ഒരു ചോദ്യമുണ്ട്.

“ആരാണ് അയൽക്കാരൻ?”

ഉത്തരവും കഥയിലുണ്ട്.

“ആപത്തിൽ സഹായിക്കുന്നവനാണ് അയൽക്കാരൻ.”

മദ്ധ്യവയസ്ക്കയായ ഒരു മദാമ്മ മുമ്പോട്ടുവന്നു. അവർ പറഞ്ഞു.

“അടുത്ത തവണ നിങ്ങൾ ഇതുപോലെ വീഴുമ്പോൾ കടയുടമസ്ഥനെ വിളിക്കണം. അവർ ആംബുലൻസ് വിളിക്കും, നിങ്ങളെ ആസ്പത്രിയിൽ കൊണ്ടുപോകും. അവർ അതിന് ബാദ്ധ്യസ്ഥരാണ്. അതാണ് നിയമം.”

ഒരു ദുസ്സൂചന ആ വനിതയുടെ വാക്കുകളിൽ നിഴലിച്ചിട്ടില്ലേ?

എന്റെ വീഴ്ച ഒരു നാടകമാണെന്ന് അവർ കരുതുന്നുണ്ടാവും.

കേസ് കൊടുത്ത് നഷ്ടപരിഹാരമെന്ന പേരിൽ കാശ് പിടുങ്ങാനുള്ള ഒരു നാടകം.

അല്പം കഴിഞ്ഞപ്പോൾ ഒരു ഇൻഡ്യാക്കാരൻ മുമ്പോട്ട് വന്നു. ഒരു മലയാളി അച്ചായൻ ആയിരുന്നു അയാൾ.

“ഞാൻ കാറിൽ ഇരുന്ന് എല്ലാം കാണുന്നുണ്ടായിരുന്നു. നിങ്ങൾ ഇവിടെ പുതിയ ആളാണെന്ന് തോന്നുന്നു. താഴെക്കിടന്ന് വിളിച്ചുകൂവിയാൽ ആരും നിങ്ങളെ സഹായിക്കുകയില്ല. ഈ രാജ്യത്തെ നിയമം അങ്ങനെയാണ്.”

“വീണുകിടക്കുന്ന ഒരുത്തനെ പിടിച്ചെഴുനേല്പിക്കാൻ പാടില്ലേ? അതാണോ നിയമം?”

ഞാൻ ചോദിച്ചു. എന്റെ ചോദ്യത്തിൽ കോപവും താപവും നിറഞ്ഞുനിന്നിരുന്നു.

അച്ചായൻ ഉപദേശരൂപത്തിൽ മൊഴിഞ്ഞു.

“നിങ്ങൾക്ക് ഇപ്പോൾ മനസ്സിലാകുകയില്ല. നിങ്ങളെ സഹായിക്കുന്നയാൾ ചിലപ്പോൾ നിങ്ങളുടെ പരിക്കിന് ഉത്തരവാദിയാകും. അയാൾ കോടതിയിൽ പോകേണ്ടിവരാം. ചിലപ്പോൾ സാമ്പത്തികബാദ്ധ്യതയും തലയിലാകും. എന്തിന് പുലിവാൽ പിടിക്കണം?”

ഞാൻ നിഷേധഭാവത്തിൽ തലയാട്ടി.

“ആകട്ടെ, ഒടിവൊന്നുമില്ലല്ലോ. ഭയങ്കര വീഴ്ചയായിപ്പോയി. ദൈവം തുണച്ചുവെന്ന് പറഞ്ഞാൽ മതി. ഇനി വീട്ടിൽ പോകാൻ നോക്ക്. ചൂടുവെള്ളത്തിൽ കുളിച്ച് അല്പം വിശ്രമിച്ചാൽ എല്ലാം ശരിയാകും. ഞാൻ വേണമെങ്കിൽ വീട്ടിൽ കൊണ്ടുവിടാം.”

അച്ചായന്റെ മഹാമനസ്കതയിൽ പൊതിഞ്ഞ വാഗ്ദാനം.

ഞാൻ പറഞ്ഞു. “വേണ്ടാ, നന്ദി.”

അച്ചായൻ തുടർന്ന് ചോദിച്ചു:

“നിങ്ങൾ ഏതു പള്ളിയിലാണ് പോകുന്നത്?”

ഞാൻ പള്ളിയുടെ പേര് പറഞ്ഞു.

അച്ചായൻ തുടർന്നു:

“അടുത്ത ആഴ്ചയിൽ ഞങ്ങളുടെ പള്ളിയിൽ പ്രത്യേക ഉണർവ് യോഗമുണ്ട്. നാട്ടിൽനിന്ന് ഒരു ഉപദേശി വന്നിട്ടുണ്ട്. വരാൻ നോക്ക്.”

ഞാൻ മറുപടി പറഞ്ഞില്ല. ഞാൻ വേച്ചുവേച്ച് നടന്ന് എന്റെ കാറിലേക്ക് കയറി. പച്ചക്കറി വാങ്ങാതെ വീട്ടിലേക്ക് മടങ്ങി.

“വീടിനടുത്തുള്ള ചീനക്കാരന്റെ കടയിൽ നിന്ന് പച്ചക്കറി വാങ്ങണം. അവിടെ വിലക്കുറവുണ്ട്.”

ഞാൻ മനസ്സിൽ പറഞ്ഞു.